# Malayala Manorama

## 17 August 2018

## Kollam, Flood, Rescue Operation, Fishermen

# വള്ളങ്ങളുമായി തീരത്തിന്റെ മക്കൾ

### രക്ഷാപ്രവർത്തനത്തിന് സജ്ജമായി നൂറിലേറെ വള്ളങ്ങൾ പുറപ്പെട്ടു

കൊല്ലം ● മഹാപ്രളയത്തിൽ പകച്ചുപോയവരെ രക്ഷിക്കാൻ തീരത്തിന്റെ മക്കൾ. കൊല്ലം, തിരുവനന്തപുരം തീരദേശങ്ങളിലുള്ള നൂറു കണക്കിനു മത്സ്യത്തൊഴിലാളികളാണു പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ പ്രളയബാധിത പ്രദേശങ്ങളിലേക്കു വള്ളങ്ങളുമായി എത്തിയത്.

കൊല്ലം വാടി, മൂതാക്കര, ചവറ നീണ്ടകര, ഓച്ചിറ അഴീക്കൽ എന്നിവിടങ്ങളിൽനിന്നുള്ള സംഘങ്ങൾ ലോറികളിൽ വള്ളം കയറ്റിയാണു പത്തനംതിട്ടയിലേക്കു പോയത്. ഓച്ചിറ അഴീക്കലിൽ നിന്നു പൂക്കോട്ട് കരയോഗത്തിന്റേതായി 10 വള്ളങ്ങളും കോൺഗ്രസ് മണ്ഡലം കമ്മിറ്റികളുടേതായി നാലു വള്ളങ്ങളും ആലപ്പുഴയ്ക്കു പോയി.

കൊല്ലത്തുനിന്ന് 85 വള്ളങ്ങൾകൂടി കൊണ്ടുപോകാൻ രാത്രി വാടിയിൽ നടന്ന യോഗത്തിൽ തീരുമാനമായി.



പത്തനംതിട്ടയിൽ രക്ഷാപ്രവർത്തനത്തിനായി കൊല്ലംവാടിയിൽ നിന്നു ഫൈബർ വള്ളങ്ങൾ ലോറിയിൽ കയറ്റുന്നു. ചിത്രം: മനോരമ

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ നൂറോളം ബോട്ടുകളും 130 മത്സ്യതൊഴിലാളികളും ഇന്നലെ രാത്രിയോടെ പത്തനംതിട്ടയിലേക്ക് യാത്ര തിരിച്ചു. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ പ്രത്യേക സജ്ജമാക്കിയ ലോറികളിലാണ് കൊണ്ടുപോയത്.